പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *791 24.07.2012 ൽ മറുപടിയ്ക്ക്

ചീമേനി പ്രകൃതി വാതക നിലയം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ)<br>ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>ശ്രീ.സി. കൃഷ്ണൻ<br>ശ്രീ. കെ.കെ. നാരായണൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) നിർദ്ദിഷ്ട ചീമേനി പ്രകൃതി വാതക നിലയത്തിന്റെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കാമോ; | (എ) പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി. ആഭ്യന്തരമായി ഉല്പാദിപ്പിക്കുന്ന പ്രകൃതി വാതകം അനുവദിക്കാനായി കേന്ദ്ര സർക്കാരിനെ സമീപിച്ചു. കൂടാതെ ഇറക്കുമതി ചെയ്യുന്ന പ്രകൃതി വാതകം ലഭ്യമാക്കുന്നതിനായി ഗെയിൽ (ഇന്ത്യ) യുമായി ചർച്ച നടത്തിയിട്ടുണ്ട്. പരിസ്ഥിതി പഠനങ്ങൾ പൂർത്തിയാക്കി പരിസ്ഥിതി ക്ലിയറൻസിനു വേണ്ടി മിനിസ്ട്രി ഓഫ് എൻവയോൺമെന്റ് & ഫോറസ്റ്റിനെ സമീപിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിൽ നിന്നും മെഗാ പ്രോജക്ട് സ്റ്റാറ്റസ് ലഭിക്കുന്നതിനു വേണ്ടി അപേക്ഷ നൽകിയിട്ടുണ്ട്. പദ്ധതിക്കാവശ്യമായ ജലം ലഭ്യമാക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിയുമായി സമ്മതപത്രം ഉടനെ ഒപ്പുവയ്ക്കുന്നതാണ്. പദ്ധതി നടത്തിപ്പുകാരെ നിശ്ചയിക്കുന്നതിനുള്ള കരട് ദർഘാസ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. പദ്ധതിക്കാവശ്യമായ |

(....2)

| | | | |
|---|---|---|---|
| | | | ഭൂമി സർക്കാർ കെ.എസ്.ഐ.ഡി.സി.യ്ക്ക് കൈമാറുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതിക്കാവശ്യമായ പ്രകൃതി വാതകം ലഭ്യമാക്കുന്നതിന് എന്ത് നടപടിയാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത്; | (ബി) | പദ്ധതിക്കാവശ്യമായ ആഭ്യന്തരമായി ഉല്പാദിപ്പിക്കുന്ന പ്രകൃതി വാതകം (60%) ലഭ്യമാക്കുന്നതിനുവേണ്ടി കേന്ദ്ര സർക്കാരിനെ സമീപിച്ചിട്ടുണ്ട്. കൂടാതെ പുറത്തുനിന്ന് ഇറക്കുമതി ചെയ്യുന്ന പ്രകൃതി വാതകത്തിനുവേണ്ടി ഗെയിൽ (ഇന്ത്യ) യുമായി ധാരണയിൽ ഏർപ്പെടുന്നതാണ്. |
| (സി) | ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് പ്രസ്തുത പദ്ധതിയെ ദോഷകരമായി ബാധിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | ബാധിക്കില്ലെന്ന് സർക്കാർ കരുതുന്നു. |

സെക്ഷൻ ഓഫീസർ